**ഭരണഭാഷ -മാതൃഭാഷ**

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

നമ്പർ. ഔഭാ4/34/2018/ഉഭപവ.

തിരുവനന്തപുരം,
തീയതി : 16.10.2018

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - 2018 – ലെ മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും - സംബന്ധിച്ച്.

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിതലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി എല്ലാ വർഷവും നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നതു സംബന്ധിച്ച് 18.03.2002 – ൽ സ.ഉ (അച്ചടിച്ചത്) നം. 31/2002/ഉഭപവ പുറപ്പെടുവിക്കുകയുണ്ടായി. ഇക്കാലയളവിൽ ഭരണഭാഷാമാറ്റത്തിന് ഉതകുംവിധമുള്ള ചർച്ചകളും സെമിനാറുകളുംമറ്റും സംസ്ഥാന – ജില്ലാ - താലൂക്ക് - പഞ്ചായത്തുതലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിക്കൊണ്ട് 02.05.2002-ാം തീയതി സ.ഉ (അച്ചടിച്ചത്) നമ്പർ 20/2002/ഉഭപവ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ പരിധിയിൽനിന്ന് ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ എന്നിവയും മറ്റു ഭാഷകളും മാതൃഭാഷകളായിട്ടുള്ള വിദ്യാർത്ഥികളെ ഒഴിവാക്കിയിട്ടുണ്ട്.

സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും മേൽപ്പറഞ്ഞ ഉത്തരവുകളുടെ വെളിച്ചത്തിൽ കേരളത്തിന്റെ 62-ാം വാർഷികവേളയായ ഈ വർഷവും പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. എന്നാൽ അപ്രതീക്ഷിതമായി കേരളത്തിനുണ്ടായ പ്രളയദുരിതസാഹചര്യം കണക്കിലെടുത്ത് ഈ വർഷം വിപുലമായ ആഘോഷപരിപാടികൾ ഒഴിവാക്കേണ്ടതാണ്.

2018 നവംബർ 1-ാം തീയതി എല്ലാ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും എല്ലാ ഓഫീസുകളിലും ഓഫീസ് തലവന്റെ അദ്ധ്യക്ഷതയിൽ ഭരണഭാഷാസമ്മേളനം സംഘടിപ്പിക്കേണ്ടതും താഴെച്ചേർത്തിട്ടുള്ള ഭരണഭാഷാപ്രതിജ്ഞ ഉദ്യോഗസ്ഥർക്ക് ഓഫീസ് തലവൻ ചൊല്ലിക്കൊടുക്കേണ്ടതുമാണ്.

### ഭരണഭാഷാപ്രതിജ്ഞ

***"മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാളഭാഷയെയും കേരളസംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണനിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും".***

സ്കൂളുകളിൽ നവംബർ 1-ന് ചേരുന്ന അസംബ്ലിയിൽ മലയാളം മാതൃഭാഷയായിട്ടുള്ള അധ്യാപകരും വിദ്യാർത്ഥികളും താഴെച്ചേർത്തിട്ടുള്ള പ്രതിജ്ഞ എടുക്കേണ്ടതാണ്.

" മലയാളമാണ് എന്റെ ഭാഷ
എന്റെ ഭാഷ എന്റെ വീടാണ്.
എന്റെ ആകാശമാണ്.
ഞാൻ കാണുന്ന നക്ഷത്രമാണ്.
എന്നെത്തഴുകുന്ന കാറ്റാണ്.
എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.
എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.
ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നംകാണുന്നത്
എന്റെ ഭാഷയിലാണ്.
എന്റെ ഭാഷ ഞാൻതന്നെയാണ്. "

മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും സംബന്ധിച്ച് കീഴ് ഓഫീസുകളിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ വിവരങ്ങൾ സമാഹരിച്ച് വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി എല്ലാ വകുപ്പുതലവൻമാരും നവംബർ 30-നു മുൻപ് ഔദ്യോഗികഭാഷാവകുപ്പ് സെക്രട്ടറിക്ക് അയക്കേണ്ടതാണ്.

എസ്.മുഹമ്മദ് ഇസ്മായിൽ കുഞ്ഞ്
അഡീഷണൽ സെക്രട്ടറി

പൃ.എ. കത്ത് നമ്പർ എച്ച്3/57335/18/ഡി.പി.ഐ- തീ- 20-10-2018

സർക്കുലറിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും പ്രഥമാധ്യാപകരുടെയും അറിവിനും അനന്തരനടപടികൾക്കുമായി അയക്കുന്നു. താഴെപറയുന്ന നിർദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.

* നവംബർ 1 ന് എല്ലാ ഓഫീസുകളിലും ഓഫീസ് തലവന്റെ അധ്യക്ഷതയിൽ ഭരണഭാഷാ സമ്മേളനം ചേർന്ന് 'ഭരണഭാഷാപ്രതിജ്ഞ' എടുക്കേണ്ടതാണ്. ഈ പരിപാടിയുടെ റിപ്പോർട്ട് എല്ലാ എ.ഇ.ഒ/ ഡി.ഇ.ഒ മാരും നവംബർ 5 നു മുമ്പ് ബന്ധപ്പെട്ട ഡി.ഡി.ഇ യ്ക്ക് എത്തിക്കേണ്ടതും അദ്ദേഹമത് ക്രോഡീകരിച്ച് നവംബർ 10 നു മുമ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

* നവംബർ 1 ന് എല്ലാ സ്കൂളുകളിലും അസംബ്ലി ചേർന്ന്, മലയാളം മാതൃഭാഷയായിട്ടുള്ള വിദ്യാർത്ഥികളും അധ്യാപകരും ചൊല്ലേണ്ട ഭാഷാപ്രതിജ്ഞയും സർക്കുലറിലുണ്ട്. എല്ലാ സ്കൂളുകളിലും ഈ പരിപാടി നടക്കുമെന്ന കാര്യം വിദ്യാഭ്യാസ ഓഫീസർമാർ പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്. റിപ്പോർട്ടിൽ ഇതിന്റെ വിശദാംശങ്ങളും ഉണ്ടായിരിക്കണം.

JESSY JOSEPH
Addl. Director of Public Instruction (General)
Directorate of Public Instruction
Thiruvananthapuram-14

സ്വീകർത്താവ്
1) എല്ലാ DDE/DEO/AEO മാരും
2) എല്ലാ പ്രഥമാധ്യാപകരും
(വി. ഓഫീസർ മുഖാന്തരം)
3) വൈസ് ചെയർമാൻ & എക്സി. ഡയറക്ടർ, കൈറ്റ്, തൃശൂർ.